## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*63. 06.06.2018 ൽ മറുപടിയ്ക്ക്

## ലഹരി വർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ; | (എ) | മദ്യവർജ്ജന പ്രവർത്തനങ്ങളിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ, കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ലഹരിയ്ക്ക് അടിമപ്പെട്ടവരെ ചികിത്സയിലൂടെയും കൗൺസിലിംഗിലൂടെയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിന് പതിനാല് ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്ത് രണ്ടിടങ്ങളിലായി രാവിലെ എട്ട് മണി മുതൽ രാത്രി എട്ടുമണി വരെ ടോൾ ഫ്രീ നമ്പറിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിങ്ങ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ നിംഹാൻസ് മാതൃകയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഡീ അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | മദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനം തടയുന്നതിനായി എക്സൈസ് കമ്മീഷണറുടെ | (ബി) | വിലയിരുത്തിയിട്ടുണ്ട്. മദ്യം- മയക്കുമരുന്ന് എന്നിവയുടെ വ്യാപനം തടയുന്നതിനായി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ |

| | | | |
|---|---|---|---|
| | നേതൃത്വത്തിൽ രൂപീകരിച്ച സ്ക്വാഡിന്റേയും എക്സൈസ് ഷാഡോ സംവിധാനത്തിന്റെയും പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | | രൂപീകരിച്ച സ്ക്വാഡിന്റെയും എക്സൈസ് ഷാഡോ സംവിധാനത്തിന്റെയും പ്രവർത്തനം തൃപ്തികരമാണ്. ഷാഡോ എക്സൈസ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ ആത്മാർത്ഥമായ പരിശ്രമത്തിന്റെ ഫലമായി മദ്യം മയക്കമരുന്ന് എന്നിവയുടെ വ്യാപനം സംബന്ധിച്ച പരാതികൾ നിലനിൽക്കുന്ന സ്ഥലങ്ങളിലും മറ്റ് സ്ഥലങ്ങളിലും രഹസ്യനിരീക്ഷണം നടത്തി കുറ്റക്കാരെ കണ്ടെത്തി ഇത്തരം കുറ്റ കൃത്യങ്ങൾ അമർച്ചചെയ്യുന്നതിന് കഴിയുന്നുണ്ട്. |
| (സി) | സംസ്ഥാനം ലഹരി മരുന്ന് വ്യാപാരത്തിന്റെ ഹബ്ബായി മാറിയിരിക്കുന്നുവെന്ന വാർത്ത ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ; | (സി) | സംസ്ഥാനം ലഹരി മരുന്ന് വ്യാപാരത്തിന്റെ ഹബ്ബായി മാറിയിട്ടില്ല ലഹരി മരുന്നു വ്യാപനം തടയുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി, മയക്ക് മരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു ആയതിന്റെ ഫലമായി നിരവധി മേജർ എൻ.ഡി.പി.എസ് കേസുകളും അബ്കാരി കേസുകളും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | മദ്യ വർജ്ജനത്തിന് ഊന്നൽ നൽകിയും മയക്ക മരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിന് ലക്ഷ്യമിട്ടുമുള്ള വിമുക്തി പദ്ധതി വിജയപ്രദമാണോ; ഇതിലൂടെ മദ്യത്തിന്റെയും മയക്ക മരുന്നിന്റെയും ഉപഭോഗത്തിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | വിജയപ്രദമാണ്. വിമുക്തി മിഷൻ നടത്തിവരുന്ന ലഹരി വർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങൾ സമൂഹത്തിൽ ശ്രദ്ധേയമായ മാറ്റത്തിന് സഹായിച്ചിട്ടുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗത്തിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ